**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6219** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യിലെ റീസ്ട്രക്ചറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യിൽ ഉദ്യോഗസ്ഥ തലത്തിൽ റീസ്ട്രക്ചറിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കെ.എസ്.ഇ.ബി.എൽ, റീസ്ട്രക്ച്ചറിംഗ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ 4 എക്സ്പെർട്ട് കമ്മിറ്റികൾ തയ്യാറാക്കിയ കരട് റീസ്ട്രക്ച്ചറിംഗ് നിർദ്ദേശങ്ങളിന്മേൽ, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ചകളോടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (ബി) | റീസ്ട്രക്ച്ചറിംഗ് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | റീസ്ട്രക്ചറിംഗ് നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |
| (സി) | റീസ്ട്രക്ച്ചറിംഗ് നടപ്പിലാക്കുന്നതുമൂലമുള്ള ഗുണദോഷങ്ങളെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പുന:സംഘടനയുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ കെ.എസ്.ഇ.ബി.എൽ. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-നെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടിന്റെ ശിപാർശയിന്മേൽ തുടർ നടപടികൾ ആരംഭിക്കുന്നതിന്, കെ.എസ്.ഇ.ബി.എൽ. ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി നിയമിച്ച മൂന്നംഗ സബ്കമ്മിറ്റി വിതരണം, ട്രാൻസ്മിഷൻ, ജനറേഷൻ - ഇലക്ട്രിക്കൽ & സിവിൽ വിംഗ്സ്, കോർപ്പറേറ്റ് ഓഫീസ് എന്നിങ്ങനെ 4 വിഭാഗങ്ങളായി തിരിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുകയുണ്ടായി. സബ്കമ്മിറ്റിയുടെ വിവിധ ശിപാർശകളിൽ അതത് പ്രവർത്തന മേഖലകളിൽ അറിവുള്ള നാല് വിദഗ്ധ സമിതികൾ രൂപീകരിക്കുകയും വിശദമായ പഠനത്തിനു ശേഷം വിദഗ്ധ സമിതികൾ തയ്യാറാക്കി സമർപ്പിച്ച കരട് നിർദ്ദേശങ്ങളിന്മേൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ